പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1126

04/12/2014 ലെ മറുപടിക്ക്

അധ്യാപക ബാങ്കിലെ സർക്കാർ സ്കൂളിലെ പ്രൊട്ടക്റ്റ് അധ്യാപകർക്ക് മുൻഗണന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.കെ.എസ്. സലീഖ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് അധ്യാപക ബാങ്കിലെ പ്രൊട്ടക്റ്റ് അധ്യാപകർ നിലവിൽ എത്ര പേരുണ്ട്; സർക്കാർ/എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ; | (എ) | 2010-11-ലെ തസ്തിക നിർണ്ണയപ്രകാരം 2939പ്രൊട്ടക്റ്റ് അധ്യാപകരുണ്ട്. സർക്കാർസ്കൂൾ അദ്ധ്യാപകർ പ്രൊട്ടക്റ്റഡ് വിഭാഗത്തിൽ ഉൾപ്പെടുന്നില്ല |
| (ബി) | ഇവർക്ക് ശമ്പളം നൽകുവാൻ ഈ അധ്യയന വർഷം ഏകദേശം എത്ര തുക വേണ്ടി വരും; | (ബി) | വിവരം ശേഖരിച്ചുവരുന്നു |
| (സി) | അധ്യാപക ബാങ്കിലെ സർക്കാർ സ്കൂളിലെ പ്രൊട്ടക്റ്റ് അധ്യാപകർക്ക് (പി.എസ്.സി. വഴി നിയമനം ലഭിച്ചവർ) എന്തെങ്കിലും മുൻഗണന ലഭ്യമാണോ, വിശദാംശം വ്യക്തമാക്കാമോ; | (സി) | സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്റ്റ് അധ്യാപകരില്ല. സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്ഷൻ നൽകി വിന്യസിച്ചിരിക്കുന്നത് എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെയാണ്. ഇവർ പി.എസ്.സി വഴി നിയമനം ലഭിച്ചവരല്ല |
| (ഡി) | എയ്ഡഡ് സ്കൂളിലെ വൻ തുക കോഴ വാങ്ങിയുള്ള അധ്യാപക നിയമനത്തിൽ കർശനമായി ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ഡി) | നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകനിയമനം പി.എസ്.സിയ്ക്ക് വിട്ടിട്ടുണ്ട്. നിയമനക്കാര്യത്തിൽ ഒരു നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഭാഗമായി മുൻകൂട്ടി വിജ്ഞാപനം ചെയ്തിരിക്കുന്ന ഒഴിവുകളിലായിരിക്കണം എയിഡഡ് സ്കൂളിലെ അദ്ധ്യാപക നിയമനം എന്ന് ഉത്തരവായിട്ടുണ്ട്. |
| (ഇ) | ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള എത്ര പ്രൊട്ടക്റ്റ് അധ്യാപകർ എന്നതു കൂടി പരിഗണിച്ച് സംസ്ഥാന അധ്യാപക ബാങ്കിലെ അധ്യാപകർക്ക് സംരക്ഷണം നൽകാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ദേശീയ വിദ്യാഭ്യാസ അവകാശ നിയമം കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനായുള്ളതാണ്, അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായുള്ളതല്ല |

സെക്ഷൻ ഓഫീസർ